*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

165th Issue - Volume 4, No. 46 ജാഗ്രത 20th December 2010

KCBC Social Harmony & Vigilance

Commission Chairman

Bp. Mar Thomas Chakiath

Wishes You All

**"MERRY CHRISTMAS"**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Johny Kochuparambil MST



## പ്രധാന വാർത്തകൾ

സഭയുടെ നിലപാട് ഈശ്വരവിശ്വാസത്തിലധിഷ്ഠിതം: ഡോ.എം.സൂസപാക്യം

---

വിദ്യാർഥികളിൽ ഗാന്ധിയൻ മൂല്യങ്ങൾ പ്രചരിപ്പിക്കണം: മാർ തോമസ് ചക്യത്ത്

---

മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ യുവജനങ്ങൾ തയാറാകണം: ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ

---

സനാതനമൂല്യങ്ങൾ പകർന്നു നൽകുമ്പോഴാണ് അധ്യാപകന്റെ ഉത്തരവാദിത്വം മഹത്തരമാകുന്നത്: ഡോ. ഫ്രാൻസിസ് കല്ലറക്കൽ

---

കാർഷിക സംസ്കാരമാണ് യഥാർഥ മാനവ സംസ്കാരം: മാർ ജോസഫ് പെരുന്തോട്ടം

## സഭയുടെ നിലപാട് ഈശ്വര വിശ്വാസത്തില ധിഷ്ഠിതം: ഡോ.എം.സൂസപാക്യം



രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ സഭയുടെ നിലപാടു ജനനന്മയിലും ഈശ്വരവിശ്വാസത്തിലും അധിഷ്ഠിതമാണെന്നു കെആർഎൽസിസി -കെആർഎൽസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ.എം.സൂസപാക്യം. ലത്തീൻ സഭയിലെ അല്മായ സംഘടനകളായ കെഎൽസിഎ, സിഎസ്എസ്, ഡിസിഎംഎസ്, കെഎൽസിഡബ്ല്യുഎ, കെസിവൈഎം എന്നിവയുടെ സംസ്ഥാന, രൂപതാ നേതാക്കളുടെ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കക്ഷിരാഷ്ട്രീയത്തിനതീതമായി പൊതുസമൂഹത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനുമുള്ള ബാധ്യത സഭാപ്രസ്ഥാനങ്ങൾക്കുണ്ട്. അല്മായരുടെ ചിന്തകളും അഭിപ്രായങ്ങളും സഭാധികാരികൾ വിവേകപൂർവം സ്വീകരിക്കും. വർഗീയചിന്തയും സങ്കുചിത മനോഭാവവും സഭാ പ്രസ്ഥാനങ്ങൾക്കുണ്ടാകരുതെന്നും അദ്ദേഹം ഓർമപ്പെടുത്തി. യോഗത്തിൽ കെആർഎൽസിബിസി ലെയ്റ്റി കമ്മീഷൻ സെക്രട്ടറി ഫാ. പയസ് ആറാട്ടുകുളം, സെക്രട്ടറിമാരായ ഷാജി ജോർജ്, ജെയിൻ ആൻസിൽ ഫ്രാൻസിസ്, ലെയ്റ്റി കമ്മീഷൻ ജോയിന്റ് സെക്രട്ടറി അഡ്വ. ജോസി സേവ്യർ, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് റാഫേൽ ആന്റണി, സിഎസ്എസ് ജനറൽ സെക്രട്ടറി വി.ജെ. മാനുവൽ, കെസിവൈഎം സംസ്ഥാന വൈസ് പ്രസിഡന്റ് എ.ബി. ജസ്റ്റിൻ, കെഎൽസിഡബ്ല്യുഎ ജനറൽ സെക്രട്ടറി സ്മിത ബിജോയ്, ഡിസിഎംഎസ് ജനറൽ സെക്രട്ടറി ഷിബു ജോസഫ് എന്നിവർ പ്രസംഗിച്ചു.

## വിദ്യാർഥികളിൽ ഗാന്ധിയൻ മൂല്യങ്ങൾ പ്രചരിപ്പിക്കണം: മാർ തോമസ് ചക്യത്ത്



സാഹോദര്യവും സ്നേഹവും ഉൾക്കൊള്ളുന്ന ഗാന്ധിയൻ മൂല്യങ്ങൾ വിദ്യാർഥികളിൽ പ്രചരിപ്പിക്കണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് നിർദേശിച്ചു. മതമൈത്രി വേദിയുടെ ആഭിമുഖ്യത്തിൽ ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂളിൽ നടത്തിയ മതമൈത്രി സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ മതങ്ങളും ധാർമികമൂല്യങ്ങളിൽ അടിയുറച്ചു മുന്നോട്ടുപോവണം. മതത്തിന്റെ പേരിൽ നടത്തുന്ന അക്രമങ്ങൾ ഒരിക്കലും ന്യായീകരിക്കാനാവുന്നതല്ല. മതമൂല്യങ്ങൾ മനസിലാക്കാത്തവരാണ് അത്തരം അക്രമങ്ങൾ നടത്തുന്നത്. മനുഷ്യർക്കിടയിൽ പരസ്പരം ഭയം വർധിച്ചുവരുന്ന കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. ഇതു മാറുന്നതിന് പരസ്പര സൗഹാർദത്തിന്റെ അന്തരീക്ഷം രൂപപ്പെടണം. എല്ലാ മതങ്ങളും പറയുന്നത് ഒരേ മൂല്യത്തെയും സത്യത്തെയും കുറിച്ചാണ്. വിദ്യാർഥികളിൽ മനുഷ്യത്വത്തിന്റെ രൂപീകരണം നടത്തുന്നതിൽ അധ്യാപകർക്കു പ്രധാന പങ്കുണ്ടെന്നും മാർ തോമസ് ചക്യത്ത് ഓർമിപ്പിച്ചു. കേരള സിബിഎസ്ഇ സ്കൂൾ മാനേജ്മന്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.പി.എം ഇബ്രാഹിംഖാൻ അധ്യക്ഷത വഹിച്ചു. സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.എസ് രാധാകൃഷ്ണൻ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ തുടങ്ങിയവർ പ്രസംഗിച്ചു.

## മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ യുവജനങ്ങൾ തയാറാകണം: ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ



മൂല്യങ്ങൾ ബലികഴിച്ച് ക്ഷണികമായ സുഖഭോഗങ്ങൾക്ക് അടിമപ്പെടാതെ മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ യുവജനങ്ങൾ തയാറാകണമെന്ന് പുനലൂർ ബിഷപ് ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ. പുനലൂർ രൂപതാ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പത്തനാപുരം സെന്റ് സേവ്യേഴ്സ് ആനിമേഷൻ സെന്ററിൽ നടത്തിയ യുവജന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹസൃഷ്ടിക്കായി യൗവനത്തിൽതന്നെ ദൈവത്തെ അറിയാൻ ശ്രമിക്കണം. ദൈവത്തെ അറിയുമ്പോൾ നാം മനുഷ്യനെ അറിയുന്നു. മനുഷ്യനെ അറിയുന്നവർ സമൂഹത്തെയും സഭയുടെ പ്രതീക്ഷയായ യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും മാതൃകയായി വളരണമെന്നും അദ്ദേഹം പറഞ്ഞു. സഭയും അൽമായ നേതൃത്വവും' എന്ന വിഷയത്തിൽ കെസിവൈഎം രൂപതാ ഡയറക്ടർ ഫാ.ജോയി ഡി.കാനായിൽ ക്ലാസെടുത്തു.

## സനാതനമൂല്യങ്ങൾ പകർന്നു നൽകുമ്പോഴാണ് അധ്യാപകന്റെ ഉത്തരവാദിത്വം മഹത്തരമാകുന്നത്: ഡോ. ഫ്രാൻസിസ് കല്ലറക്കൽ



സനാതനമൂല്യങ്ങൾ നഷ്ടപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇവ കുട്ടികൾക്ക് പകർന്നു നൽകുമ്പോഴാണ് അധ്യാപകന്റെ ഉത്തരവാദിത്വം മഹത്തരമാകുന്നതെന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ അഭിപ്രായപ്പെട്ടു. വരാപ്പുഴ അതിരൂപത കേരള കാത്തലിക് ഗിൽഡ് അധ്യാപകർക്കായി എറണാകുളം സെന്റ് ആൽബർട്സ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അധ്യാപകരുടെ ദൗത്യം ഇന്നത്തെ സമൂഹത്തിൽ മഹനീയമാണെന്നും ആർച്ച്ബിഷപ് പറഞ്ഞു. വരാപ്പുഴ അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിൽ മികവ് പുലർത്തിയ ചാത്യാത്ത് സെന്റ് ജോസഫ് ഹൈസ്കൂളിനെയും സെന്റ് ആൽബർട്സ് ടിടിഐ സ്കൂളിനെയും ആർച്ച്ബിഷപ് ചടങ്ങിൽ പുരസ്കാരം നൽകി ആദരിച്ചു. തിരുവനന്തപുരം ഗവ. ഹോസ്പിറ്റൽ മാനസികോരോഗ്യ വിദഗ്ധൻ ഡോ. കെ. ഗിരീഷ് അധ്യാപകരുടെ വിദ്യാർഥികളോടുള്ള മനശാസ്ത്ര പരമായ സമീപനത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

## കാർഷിക സംസ്കാരമാണ് യഥാർഥ മാനവ സംസ്കാരം: മാർ ജോസഫ് പെരുന്തോട്ടം



കാർഷിക സംസ്കാരമാണു യഥാർഥ മാനവസംസ്കാരമെന്ന് ചങ്ങനാശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം. പുനലൂർ നെല്ലിപ്പള്ളി തിരുഹൃദയ ഓഡിറ്റോറിയത്തിൽ ദീപിക-ചാസ്- പിഎസ്എസ്എസ്, എംഎസ്എസ്എസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കാർഷിക സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കർഷക കൂട്ടായ്മ കാർഷിക പുരോഗതിക്കു വഴിതെളിക്കും. ജാതിമത ചിന്തകൾക്ക് അതീതമായി കർഷക കൂട്ടായ്മകൾ വളർന്നുവരണം. കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കാൻ ഈ കൂട്ടായ്മകൾക്കു കഴിയും. പ്രകൃതിയുമായി ഇഴുകിച്ചേർന്നു ജീവിക്കേണ്ട മനുഷ്യർ കൃഷിക്കു പ്രഥമ പരിഗണന നൽകണം. പ്രകൃതിയുമായി സമ്പർക്കം പുലർത്തുന്നതാണു യഥാർഥ ജീവിതം. കേരളത്തിനു മഹാത്തായ കാർഷിക സംസ്കാരമുണ്ട്. ഇതു നിലനിർത്താൻ കർഷകർ ഒറ്റക്കെട്ടായി രംഗത്തുവന്നാൽ കാർഷിക രംഗത്തു കുതിച്ചുകയറ്റം സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. അടിസ്ഥാന വിദ്യാഭ്യാസം പോലുമില്ലാത്തവർ ശരിയായ നിരീക്ഷണത്തിലൂടെ പ്രകൃതിയിലെ രഹസ്യങ്ങൾ കണ്ടെത്തുന്നു. പ്രപഞ്ചത്തിൽ ഒളിഞ്ഞുകിടക്കുന്ന നിരവധി രഹസ്യങ്ങൾ മനുഷ്യർക്കു വേണ്ടിയുള്ളതാണ്. സ്വാർഥതയില്ലാതെ പരസ്പരം അധ്വാനം പങ്കുവയ്ക്കാൻ കർഷകർ തയാറാകണം. കാർഷികവൃത്തിക്കു തൊഴിലാളികളെ കിട്ടാനില്ലാത്ത സാഹചര്യത്തിൽ കർഷകർ കൂട്ടായ്മയോടെ പ്രവർത്തിച്ചാൽ ഇതിനു പരിഹാരം കാണാൻ കഴിയും. കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവർക്കു ദീപിക എന്നും പ്രോത്സാഹനം നൽകി വരികയാണ്. ഫാർമേഴ്സ് ക്ലബുകൾ രൂപീകരിക്കുന്നതിലൂടെ കർഷക കൂട്ടായ്മകൾ കൂടുതൽ ശക്തമാകുമെന്നും ആർച്ച്ബിഷപ്പ് കൂട്ടിച്ചേർത്തു. ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ ഫാ. ജോസഫ് കുറിഞ്ഞിപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ദീപിക സർക്കുലേഷൻ ജനറൽ മാനേജർ ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ആമുഖപ്രഭാഷണം നടത്തി. തെക്കൻ മേഖലാ വികാരി ജനറാൾ റവ. ഡോ. ജോൺ വി.തടത്തിൽ, കൊല്ലം- ആയൂർ ഫൊറോനാ വികാരിയും സ്വാഗതസംഘം രക്ഷാധികാരിയുമായ ഫാ. ജയിംസ് കുന്നിൽ, ഫാ. അലക്സ് കളപ്പില, പിഎസ്എസ്എസ് ഡയറക്ടർ ഫാ. റോയി ബി. സിംസൺ, വി.എം. ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org,

Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA